**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1434** | **01-02-2024 - ൽ മറുപടിയ്ക്ക്**

**പ്രൈമറി ഹെഡ്മാസ്റ്റർമാർക്ക് അനുവദിച്ച ശമ്പളസ്കെയിലും ഹയർ ഗ്രേഡും നടപ്പിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രൈമറി ഹെഡ്മാസ്റ്റർമാർക്ക് ശമ്പളസ്കെയിലും ഹയർ ഗ്രേഡും അനുവദിച്ച ഉത്തരവ് നാളിതുവരെ നടപ്പിലാക്കാത്ത എ.ഇ.ഒ. ഓഫീസുകൾ ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില ജില്ലകളുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പുതിയ ഉത്തരവ് പ്രകാരം പ്രൈമറി ഹെഡ്മാസ്റ്റർമാർക്ക് ശമ്പളസ്കെയിലും ഹയർ ഗ്രേഡും നൽകാൻ എ.ഇ.ഒ. ഓഫീസിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടറോട് സ്പഷ്ടീകരണം ചോദിച്ച കാര്യം സർക്കാർ പരിശോധിക്കുമോ; | (ബി) | 19.10.2023 ലെ സ.ഉ(സാധാ) നം. 6414/2023/ പൊവിവ. ഉത്തരവ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 3 ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ വിദ്യാഭ്യാസ ഉപഡയറക്ടർമാരോട് സ്പഷ്ടീകരണം ചോദിക്കുകയും രണ്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് തിരുവനന്തപുരം ജില്ല വിദ്യാഭ്യാസ ഉപഡയറക്ടർ ക്ലാരിഫിക്കേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ചാലക്കുടി ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് ക്ലാരിഫിക്കേഷൻ നൽകുന്നതിനുള്ള നടപടി തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിച്ചു വരുന്നു. ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും പ്രപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്.<br><br>തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ലഭ്യമാക്കിയ ക്ലാരിഫിക്കേഷന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇത്തരത്തിൽ എത്ര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്പഷ്ടീകരണം ചോദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര ഡെപ്യൂട്ടി ഡയറക്ടർമാർ ക്ലാരിഫിക്കേഷൻ നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ; ഡെപ്യൂട്ടി ഡയറക്ടർമാർ നൽകിയ ക്ലാരിഫിക്കേഷന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | 19.10.2023 ലെ സ.ഉ(സാധാ) നം. 6414/2023/ പൊവിവ. ഉത്തരവ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 3 ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ വിദ്യാഭ്യാസ ഉപഡയറക്ടർമാരോട് സ്പഷ്ടീകരണം ചോദിക്കുകയും രണ്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് തിരുവനന്തപുരം ജില്ല വിദ്യാഭ്യാസ ഉപഡയറക്ടർ ക്ലാരിഫിക്കേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ചാലക്കുടി ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് ക്ലാരിഫിക്കേഷൻ നൽകുന്നതിനുള്ള നടപടി തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിച്ചു വരുന്നു. ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും പ്രപ്പോസൽ |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്.<br><br>തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ലഭ്യമാക്കിയ ക്ലാരിഫിക്കേഷന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഭരണഭാഷ - മാതൃഭാഷ

NO TO DRUGS

നം:DDETVM/9176/2023-A2

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 01-01-2024
ഇ-മെയിൽ : ddetvm.dge@kerala.gov.in

വിദ്യാഭ്യാസ ഉപഡയറക്ടർ

ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ,
തിരുവനന്തപുരം വടക്ക്
തിരുവനന്തപുരം തെക്ക്

സർ,

വിഷയം :- പൊതു വിദ്യാഭ്യാസം ജീവനക്കാര്യം - താത്കാലിക സ്ഥാനക്കയറ്റം ലഭ്യമായ പ്രൈമറി പ്രഥമാധ്യാപകർക്ക - പ്രസ്തുത തസ്തികയിൽ ഹയർ ഗ്രേഡും , പ്രൊബേഷനും അനുവദിച്ച നൽകുന്നത് - സംബന്ധിച്ച്

സൂചന :- 1. 25-11-2023 തീയതിയിലെ തിരുവനന്തപുരം തെക്ക് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കത്ത്

2. 06-12-2023 തീയതിയിലെ തിരുവനന്തപുരം വടക്ക് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കത്ത്

3. 9 / 10 / 2023 തീയതിയിലെ പൊതുവിദ്യാഭ്യാസ (യു ) വകുപ്പിന്റെ സ .ഉ . (സാധാ ) നം .6414 / 2023 / GEDN എന്ന സർക്കാർ ഉത്തരവ്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു , സൂചന (3 ) ഉത്തരവ് പ്രകാരം താത്കാലിക സ്ഥാനക്കയറ്റം ലഭ്യമായ പ്രഥമാധ്യാപകർക്ക പ്രൈമറി പ്രഥമാധ്യാപക ശമ്പള സ്കെയിൽ അനുവദിച്ച നൽകിയിരുന്നു ( KS&SSR പാർട്ട് II ചട്ടം 31 (എഫ് )) എന്നാൽ KS&SSR ലെ ചട്ടം 31 (ഡി ) ൽ KS&SSR ലെ ചട്ടം 31 (a )(i ) ലെ വ്യവസ്ഥകൾ അടിസ്ഥാനപ്പെടുത്തി താത്കാലിക സ്ഥാനക്കയറ്റം ലഭ്യമായ ആളെ പ്രൊബേഷണർ ആയി പരിഗണിക്കാൻ പാടില്ലാത്തതാണ് എന്നും അപ്രകാരമുള്ള പ്രൊമോഷന്റെ മാത്രം കാരണത്താൽ ഉയർന്ന ക്യാറ്റഗറിയിലേക്ക് ഭാവിയിൽ ഉണ്ടാകുന്ന പ്രൊമോഷന് എന്തെങ്കിലും മുൻഗണന അവകാശപ്പെടുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല എന്നും വ്യവസ്ഥ ചെയ്യുന്നു. ടി അധ്യാപകർക്ക് പ്രസ്തുത തസ്തികയിൽ ഹയർ ഗ്രേഡ് തുടങ്ങിയ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് ടി ഉത്തരവിൽ പരാമർശങ്ങൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല എന്ന വിവരവും അറിയിക്കുന്നു .

വിശ്വസ്തതയോടെ,

Signed by
Thankamoni J
Date: 01-01-2024 12:44:24

തങ്കമണി .ജെ
(പെൻ -217382 )
വിദ്യാഭ്യാസ ഉപഡയറക്ടർ

B.S.Kumar.
സെക്രട്ടറി ഒപ്പ്.